**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3147 — 3/4/2013 - ൽ മറുപടിയ്ക്ക്

## കീടനാശിനി പ്രയോഗം കണ്ടെത്തുന്നതിനുള്ള സംവിധാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) കേരളത്തിൽ വിതരണം ചെയ്യുന്ന പഴം, പച്ചക്കറികളിൽ വർദ്ധിച്ച തോതിലുള്ള കീടനാശിനി പ്രയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | കൃഷി വകുപ്പും കേരള സർവ്വകലാശാലയുമായി ചേർന്ന് പഠനം നടത്തി വരുന്നു. പച്ചക്കറികളിൽ കീടനാശിനികളുടെ അളവ് കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ റസിഡ്യൂ അനാലിസിസ് ലാബിൽ പരിശോധിച്ച് അവ ഭക്ഷ്യ സുരക്ഷിതമാണെന്ന് ഉറപ്പിക്കുന്നതിനായി 50 ലക്ഷം രൂപ ചെലവിൽ "Safe to eat vegetable" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

(സി) കീടനാശിനി പ്രയോഗം മൂലമുള്ള വിഷാംശങ്ങൾ രാസപരിശോധന മുഖേന കണ്ടെത്തുന്നതിനുള്ള സംവിധാനംനിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുന്നതി നുള്ള നടപടി സ്വീകരിക്കുമോ?

(സി) & (ഡി) നിലവിൽ തിരുവനന്തപുരം ജില്ലയിൽ കാർഷികസർവ്വകലാശാലയും കൃഷി വകുപ്പുമായി ചേർന്ന് പച്ചക്കറികളിൽ കീടനാശിനി പ്രയോഗം മൂലമുള്ള അവശിഷ്ട വിഷാംശ രാസപരിശോധന മുഖേന കണ്ടെത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. പച്ചക്കറികളുടെ സാമ്പിളുകൾ മാർക്കറ്റിൽ നിന്നും , കർഷകരുടെ കൃഷി യിടങ്ങളിൽ നിന്നും ശേഖരിച്ച് അതിൽ കീടനാശിനിയുടെ അവശിഷ്ട വീര്യ പരിശോധന നടത്തി ഭക്ഷ്യസുരക്ഷിതമാണോ എന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു.

സെക്ഷൻ ഓഫീസർ